THE FIRST INTERNATIONAL INDIAN NEWSPAPER
മാധ്യമം

# മത്സ്യ കൂടുകൃഷി പ്രചാരണം: ഡോ. ഗോപാലകൃഷ്ണന് പുരസ്കാരം

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനം (സി.എം.എഫ്.ആർ.ഐ) ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണന് ഏഷ്യ-പസിഫിക് രാജ്യങ്ങളെ പ്രതിനിധാനംചെയ്യുന്ന ഏഷ്യൻ ഫിഷറീസ് സൊസൈറ്റിയുടെ (എ.എഫ്.എസ്) സ്വർണമെഡൽ.

മത്സ്യ കൂടുകൃഷിയുടെ പ്രചാരണത്തിന് സി.എം.എഫ്.ആർ.ഐ നടത്തിയ ഗവേഷണപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് പുരസ്കാരം. മൂന്ന് വർഷത്തിലൊരിക്കലാണ് പുരസ്കാരം സമ്മാനിക്കുക.

ബാങ്കോക്കിൽ നടന്ന 11ാമത് ഏഷ്യൻ ഫിഷറീസ് ആൻഡ് അക്വാകൾചർ ഫോറത്തിൽ എ.എഫ്.എസ് പ്രസിഡൻറ് പ്രഫ. ഷോലിൻ ഹോംഗ് ഡോ. ഗോപാലകൃഷ്ണന് സ്വർണമെഡലും പ്രശസ്തിപത്രവും സമ്മാനിച്ചു.

**August 18, 2016**